"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം - കോഴിക്കോട് ജില്ല - വില്ല്യാപ്പള്ളി എം ജെ വി എച് എസ് എസ് ലെ എച് എസ് ടി (ബയോളജി), ശ്രീ. ഫൈസൽ എം-ന് പഠനാവശ്യത്തിനായി ശൂന്യവേതനാവധി അനുവദിച്ചു നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എൽ) വകുപ്പ്**

സ.ഉ.(സാധാ) നം.3788/2025/GEDN    തീയതി,തിരുവനന്തപുരം, 11-06-2025

---

പരാമർശം:-
1. കോഴിക്കോട് ജില്ലയിലെ വില്വാപ്പള്ളി എം ജെ വി എച് എസ് എസ് ലെ എച് എസ് ടി (ബയോളജി), ശ്രീ. ഫൈസൽ എം സമർപ്പിച്ച 24/01/2025 ലെ അവധി അപേക്ഷ.
2. വടകര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 17/2/2025 ലെ DE0VKA/10368/2022-B6നമ്പർ കത്ത്

**ഉത്തരവ്**

കോഴിക്കോട് ജില്ലയിലെ വില്വാപ്പള്ളി എം ജെ വി എച് എസ് എസ് ലെ എച് എസ് ടി (ബയോളജി), ശ്രീ. ഫൈസൽ എം, തനിക്ക് എം.എഡ് ഡിഗ്രി കോഴ്സ് ചെയ്യുന്നതിനായി 3/10/2022 മുതൽ 31/07/2024 വരെ കെ എസ് ആർ പാർട്ട് I അനുബന്ധം XII B പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു നൽകണമെന്നാവശ്യപ്പെട്ടുകൊണ്ട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ മുഖേന അപേക്ഷ സമർപ്പിച്ചിരുന്നു. എന്നാൽ പരിശോധനയിൽ പ്രസ്തുത അപേക്ഷ വിദ്യാഭ്യാസ ഡയറക്ടർ മുഖേന സർക്കാരിൽ ലഭിച്ചിട്ടില്ല എന്ന വിവരം അപേക്ഷകൻ മനസ്സിലാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ശൂന്യവേതനാവധി അപേക്ഷ ഒരിക്കൽ കൂടി പരാമർശം 1 പ്രകാരം സമർപ്പിക്കുകയുണ്ടായി. മുൻപ് അപേക്ഷിച്ച അവധി അപേക്ഷയുടെ പകർപ്പ്, പുതിയ അപേക്ഷ ഫോറം 13 , എൻ ഒ സി, ലീൻ സർട്ടിഫിക്കറ്റ്, എൻ എൽ സി. ഡിക്ലറേഷൻ, എം എഡ് കോഴ്സ് ചെയ്യുന്ന തമിഴ്നാട്ടിലെ മംഗളം കോളേജ് ഓഫ് എഡ്യൂക്കേഷൻ നൽകിയിട്ടുള്ള അഡ്മിഷൻ സർട്ടിഫിക്കറ്റ്, കോഴ്സ് കംപ്ലീഷൻ സർട്ടിഫിക്കറ്റ് എന്നിവ ഹാജരാക്കിയിട്ടുണ്ട്. പുതിയ അപേക്ഷ പ്രകാരം കോഴ്സിന്റെ കാലാവധി 30/8/2024 വരെ നീളുകയും തദനുസരണം പ്രിൻസിപ്പൽ പുതുക്കിയ കോഴ്സ് സർട്ടിഫിക്കറ്റ് നൽകുകയും ചെയ്തിട്ടുണ്ട്. നേരത്തെ സമർപ്പിച്ച അപേക്ഷ ലഭിച്ചിട്ടില്ല എന്നുള്ള കാര്യം മാപ്പാക്കി, 3/10/2022 മുതൽ 30/8/2024 (മുൻപ് അപേക്ഷിച്ചതായി പറയുന്ന തീയതിയിൽ നിന്നും ഒരു മാസം കഴിഞ്ഞാണ് കോഴ്സ് അവസാനിച്ചതായി

കാണുന്നത്) വരെ ശൂന്യവേതനാവധി അനുവദിച്ചു നൽകണമെന്നതാണ് പരാമർശം 1 അപേക്ഷയിലെ ആവശ്യം.

**2.** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തുടർച്ചയായ മൂന്ന് വർഷത്തിലധികം സേവനമുള്ള സാഹചര്യത്തിൽ, കോഴിക്കോട് ജില്ലയിലെ വില്യാപ്പള്ളി എം ജെ വി എച് എസ് എസ് ലെ എച് എസ് ടി (ബയോളജി), ശ്രീ. ഫൈസൽ എം -ന് പഠനാവശ്യത്തിനായി, **03/10/2022** മുതൽ **30/08/2024** വരെ, പ്രസ്തുത കാലയളവ് ഇൻക്രിമെന്റ്, പെൻഷൻ, ഹയർ ഗ്രേഡ്, ആർജ്ജിതാവധി എന്നിവയ്ക്കു കണക്കാക്കുന്നതല്ല എന്ന വ്യവസ്ഥയിൽ കെ.എസ്.ആർ., ഭാഗം **I**, ചട്ടം **88** പ്രകാരം ശൂന്യവേതനാവധി അനുവദിച്ചു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
റ്റി.മേയോ ഭാസ്കർ
ഡെപ്യൂട്ടി സെക്രട്ടറി

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം-14
വിദ്യാഭ്യാസ ഉപഡയറക്ടർ, കോഴിക്കോട്
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, വടകര
പ്രഥമാധ്യാപകൻ, എം ജെ വി എച് എസ് എസ്, വില്യാപ്പള്ളി, കോഴിക്കോട്
ശ്രീ. ഫൈസൽ എം , എച് എസ് ടി (ബയോളജി), എം ജെ വി എച് എസ് എസ്, വില്യാപ്പള്ളി, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ) കേരള, കോഴിക്കോട്
ധനകാര്യ (വിദ്യാഭ്യാസ-എ) വകുപ്പ് (**21/5/2025** ലെ **E: 3120211/EDN-A2/144/2025-FIN** റിമാർക്സ് പ്രകാരം)
ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Asha Rani M
Date: 11-06-2025 11:18:39
സെക്ഷൻ ഓഫീസർ